MR. M. SIVATHANU PILLAI: Sir, I was saying that I agree with the main implications of the resolution before the House. I am indifferent whether settlement and survey operations are begun from North Travancore or Central Travancore or South Travancore. But regard being had to the present situation in which we southerners are placed, an immediate reconsideration of the incidence of taxation is necessary. The taxation in the three Tamil taluks of the State is comparatively heavier than in the other parts of the State. Particularly at this time when there is all-round hardship felt by the agriculturists, it behoves any Government with a sense of justice not to ignore the necessity for finding an immediate solution for lightening the burden of taxation in the three taluks of Tovala, Agastiswaram and Shencotta.

When I say this I should not be understood as advocating the embarkation on settlement and survey operations immediately, particularly in view of the fact that a responsible statement was made on the floor of this House by no less a person than the Dewan President that the operation will cost at least Rs. 2 or 3 crores. With all respect to that opinion, I am rather inclined to believe that the cost will not be so great. I have heard it said, Sir, that in the last settlement operations the cost did not come to so much. On the other hand it came only to 80 or 85 lakhs of rupees. It is also worthy of consideration whether in these days of dire and acute unemployment it would not be better to start these operations even if the cost is great. Even if the Government may not be prepared to accept the resolution and act upon it, may I be permitted to suggest that in these places of Nanjinad and Shencottah where the ryots have already admittedly legitimate grievances and have brought them forward to the notice of Government and Government have given an answer that they might be looked into profitably only in the course of the next settlement operations and where in view of that answer of Government the ryots are expecting relief from the very heavy burden of taxation, the ryots should not be disappointed. Settlement operations or no settlement operations, they lay claim to the justifiable nature of their grievance and the Government should look into the matter and see whether the incidence of taxation in those places could not be brought at least on a par with the incidence of taxation in other parts of the State. Is this demand too much, I ask. It is only a mild demand to rectify the wrong arising out of certain rules not being followed and certain procedure not being adopted in accordance with the Royal Proclamation for assessment of land tax. And if those rules could be safely ignored by the officers of His Highness' Government, I wonder what on earth could not take place here. So, if the settlement and survey operations could not be taken up immediately on account of the tremendous cost, I may at least suggest with all humility that it behoves the Government to give relie o the ryots in those places which I have mentioned.

MR. KAINIKKARA M. PADMANABHA PILLAI: What is the method which the honourable member wants to be adopted?

MR. M. SIVATHANU PILLAI: It will be seen from the Government records that the first tharam lands in North and Central Travancore are assessed to a certain amount of tax which I understand, does not exceed Rs. 10. If that be so, I ask the Government to apply that rate in Nanjinad and Shencottah and scale it down to the lower tharams. The executive can do it pakuthy by pakuthy. It is easy.

MR. KAINIKKARA M. PADMANABHA PILLAI: Has the honourable member made any study as to the cost of cultivation in North Travancore and in Nanjinad?

MR. M. SIVATHANU PILLAI: The cost of cultivation in Nanjinad per acre is more than the cost of cultivation in North Travancore. At the present rate of commutation the cultivation expense in Nanjinad comes to Rs. 20 to Rs. 40 if the cultivation is in time. If a particular acre of land is cultivated at an expenditure of Rs. 20 or Rs. 25 it would not yield more than 10 kottahs of paddy. But if you are prepared to spend Rs. 40, it will give 15 kottahs at the most. But in certain areas, the total extent of which does not exceed 100 acres, that is in and around Nagercoil, it is true the produce may come to 15 to 20 kottahs. In all the other lands the yield ranges from 4 to 15 kottahs and the best land which at present will cost Rs. 2,500 an acre will yield from 10 to 15 kottahs, and even this is not the case in all seasons. The pity of it is that we are not only disregarded by Government but we are also disregarded more often than not by Nature. We depend not only on the water from the Kodayar Reservoir but we depend upon the season as well. For example there is now no breeze, what is called the kizhkattu, which should have started 20 days ago. That means that the bunches in the paddy plants are remaining inside the stem and there is no yield of grain on account of non-polination for want of Kizhkattu (breeze from the east). There are so many things in nature that are operating against the ryots in Nanjinad. So what I would say is that in Nanjinad to get a decent income from land we have to make an investment ranging from Rs, 25 to Rs. 40 per acre with the average investment of Rs. 2,000 per acre as its price.

MR. KAINIKKARA M. PADMANABHA PILLAI: Does the member take into consideration the vast amounts that have to be spent in the Punja lands in Kuttanad for fixing the bunds and the recurring expenditure for driving out the water?

MR. M. SIVATHANU PILLAI: I have very closely studied that aspect. The price per acre is nothing compared to Nanjinad. It is not all ryots that have to spend large amounts. It is only the big ryots who hold from 1000 to 30000 paras of land who have to spend. These people can command and invest money. Their position is just like that of the owners of tea estates spending from 600 to 1,000 rupees per acre, and getting a return ranging from Rs. 800 to Rs. 1,000

MR. KAINIKKARA M. PADMANABHA PILLAI: What is the net income from one acre of paddy land in Kuttanad?

MR. M. SIVATHANU PILLAI: This afternoon I was discussing the income of paddy with a Kuttanad member and I understand that he gets 35 paras net from one acre of land. I do not say that I rely upon that information. Perhaps it may be more but it may not be less.

MR. KAINIKKARA M. PADMANABHA PILLAI: Does he get this income every year or only in alternate years?

MR. M. SIVATHANU PILLAI: Even in the case of lands in Nanjinad that can be cultivated as single crop every year, there have been cases of such lands that had to lie idle for a number of years (let alone alternate years.) In the case of single crop lands where cultivation is raised once a year, the ryot has to pay one rupee water cess. If it is a newly converted land he has to pay a cess of Rs. 7. In addition he has to spend 25 to 40 rupees, after making a capital investment on an average of Rs. 300 to 500 per acre as its price *i. e.* single crop lands.

MR. P. S. MUHOMED: ഓരോവർഷവും ചെലവുചെയ്യുന്നതിന പമ്പിംഗ് ചെലവു എന്തുവരുമെന്ന് മെംബർക്കറിയാമോ?

MR. M. SIVATHANU PILLAI: എന്തുവന്നാലും തെക്കൻതിരുവിതാംകൂറിലെ കൃഷിക്ക വരുന്ന ചെലവിനേക്കാൾ കുറവാണ്. That is acre for acre. You pump out the water while we draw in the water.

MR. KAINIKKARA M. PADMANABHA PILLAI: Does the member spend anything for drawing in the water?

MR. M. SIVATHANU PILLAI: No, but we give water cess of Rs. 7 per acre and we have to spend for other things for which the Kuttanad ryots do not spend. I am speaking subject to correction. But my honest impression is that the North Travancore and Kuttanad ryots stand most favourably in the matter of assessment to land tax along with low operational cost and low price per acre of land. I have absolutely no grudge against those for enjoying less or even no tax. But is it not up to them, when we put forward our grievances, to see whether there is any substance in them? The Economic Development Board considered the matter and made their recommendation. It appointed a sub-committee to go into the question thoroughly.

MR. K. P. KOCHUKORA THARAKAN: വടക്കൻ തിരുവിതാംകൂറിലെ മെമ്പറന്മാർ അതിൽ ഉണ്ടായിരുന്നോ?

MR. M. SIVATHANU PILLAI: ഉണ്ടായിരുന്നു.

There were more than two on the committee. I do not remember their names. Seven or nine members constituted that committee. They stayed in Nagercoil and studied the question thoroughly. I request every one of the members of the House to refer to that portion of the report where they have made a comparative study so that it will give them a rough idea at any rate of taxation in Nanjinad and Kuttanad and the yield per acre in those two localities and the average expenditure for raising cultivation. The average yield requires that you

should spend Rs. 40 in Nanjinad and the yield will be anything up to 15 kottahs. But what is the tax that has to be paid on such lands?

If the paddy price goes below Rs. 6, I can assure the honourable member that the ryot will not get anything. In Nanjinad there are more of lower middle class people owning lands. They will only get their wages. Some gentleman told me that his net-income for the wet land in Nanjinad will not be even 3% in a good season.

MR. N. RAMAKRISHNA PILLAI (*Vaikom* cum *Kottayam*): Is there any case of a cultivator having given up his land?

MR. M. SIVATHANU PILLAI: What else has he to do I ask? That question refers to another feature. Though the people of Nanjinad are living in Nanjinad, they are not cultivating their lands. They lease them. What does the lessee do? As soon as the harvest is ready he asks the owner to inspect the paddy land and tells him that since the harvest is not good he may divide the paddy half and half.

MR. N. RAMAKRISHNA PILLAI: Do not outside people consider investment on paddy lands in Nanjinad as a good one?

MR. M. SIVATHANU PILLAI Formerly certain officers had that mania. For instance, the late Kappazham Raman Pillai purchased about 50 acres of land. Now that land is available for a low price per acre. Or take the case of Mr. U. Padmanabha Kukillaya. He has got about 100 acres there. He will testify to my position.

MR. KAINIKKARA M. PADMANABHA PILLAI: What is the proportionate price of land?

MR. M. SIVATHANU PILLAI: Now there is no money so that the lands have gone down by 50% in price. The ryots are unable to carry on their cultivation even in a modest scale. They spend less than Rs. 20 on it and get far less yield then 8 or 10 Kottahs.

MR. K. R. NARAYANAN (*Vaikom* cum *Kottayam*): വടക്കൻ തിരുവിതാംകൂറിലുള്ള സ്ഥലങ്ങളല്ലേ കരക്കുടിശ്ശിഖയ്ക്കായി കൂടുതൽ ലേലം വിറ്റുപോകുന്നതു.

MR. M. SIVATHANU PILLAI: അതെ, എന്തുകൊണ്ടു ലേലത്തിൽ വില്ക്കുന്നു. തെക്കൻ തിരുവിതാംകൂറുകാരെ അപേക്ഷിച്ചു വടക്കൻ തിരുവിതാംകൂറുകാർ കരം അടക്കുന്നതിൽ വിമുഖത കാണിച്ചിരിക്കും.

MR. K. R. NARAYANAN: അപ്പോൾ പണം കയ്യിൽ വച്ചുകൊണ്ടിരുന്നിട്ടും വസ്തു വിറ്റുകൊള്ളട്ടെ എന്നു വിചാരിച്ച് അടങ്ങിയിരിക്കുമോ?

MR. M. SIVATHANU PILLAI: വടക്കൻ തിരുവിതാംകൂറിൽ കരക്കുടിശ്ശിഖ കൂടുതലുണ്ടെന്നു കാണുമ്പോൾ ഗവൺമെന്റ് അവിടെ നിന്നും കരങ്ങൾ ഈടാക്കേണ്ടതിലേക്ക് കർശനനടപടികൾ നടത്തും.

MR. K. R. NARAYANAN: അപ്പോൾ കരക്കുടിശ്ശിഖക്കു വസ്തുക്കൾ ലേലം ചെയ്യുന്നകാര്യത്തിൽ ഗവൺമെന്റ് തെക്കൻ തിരുവിതാംകൂറുകാരോട് പക്ഷപാതബുദ്ധി കാണിക്കുമെന്നാണോ പറയുന്നതു?

MR. M. SIVATHANU PILLAI: എന്നല്ല. തെക്കൻ തിരുവിതാംകൂറിലും കരക്കുടിശ്ശികക്കു വസ്തുക്കൾ വിൽക്കാറുണ്ടു്. ചില ടിക്കുകളിൽ ധാരാളം വിററിട്ടുണ്ടു്.

Otherwise how is it that they allowed land tax to be in arrears for 9 years? If the properties were auctioned away certainly there will be somebody to bid in the auction.

MR. K. P. KOCHUKORA THARAKAN: ഏതെല്ലാം താലൂക്കുകളിലാണു വസ്തുക്കൾ കൂടുതലായി വിററിട്ടുള്ളതു്?

MR. M. SIVATHANU PILLAI: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. തിരുവനന്തപുരം ഡിവിഷനിൽ ഏതെല്ലാം താലൂക്കിലാണു വസ്തുക്കൾ കൂടുതലായി വിററിട്ടുള്ളതെന്നു ഒരു ചോദ്യം ചോദിച്ചു. അങ്ങനെ താലൂക്കുവാറായിട്ടു കണക്കെടുത്തിട്ടില്ലെന്നാണു് മറുപടി പറഞ്ഞതു്. ഞാൻ എന്താണു് ചെയ്യേണ്ടതു്?

If the members are so keen about it, it behoves them and me to put in interpellations about the arrears of land-tax lying over for 9 years. If the Revenue authorities put the land to auction there would be at least some money which could be credited towards the tax, and then in that case, there could not be arrears for such a long period.

MR. K. R. NARAYANAN: വടക്കൻ തിരുവിതാംകൂറിലെ ൨൦൦ ഏക്കർ നിലത്തിനു പകരം തെക്കൻ തിരുവിതാംകൂറിലെ ൨൦൦ ഏക്കർ നിലം വച്ചുമാറി എടുക്കുന്നതു് മെമ്പർക്കു സമ്മതമാണോ?

MR. M. SIVATHANU PILLAI: സമ്മതമാണു്. അവിടത്തെ ഫസ്റ്റ് ക്ലാസ് നിലത്തിനു ഇവിടത്തെ ഫസററ് ക്ലാസ് നിലം മാറണം. സെക്കൻറ് ക്ലാസിനു സെക്കൻറ് ക്ലാസ, തേഡ ക്ലാസിനു തേഡ ക്ലാസ് അല്ലാതെ എന്നെ പററിക്കാൻ ഒക്കുകയില്ല.

MR. KOTTALIL P. ABRAHAM: വടക്കൻ തിരുവിതാംകൂറിലെ ആളുകൾ തെക്കൻ തിരുവിതാംകൂറിലെ ആളുകളെ റെപ്രസൻറു ചെയ്യാൻ സമ്മതിക്കുമോ?

MR. M. SIVATHANU PILLAI: ഇങ്ങനെയുള്ള മനസ്ഥിതിയോടുകൂടി വരികയാണെങ്കിൽ ഒരിക്കലും സമ്മതിക്കുകയില്ല.

MR. KOTTALIL P. ABRAHAM: ഒരു പക്ഷേ വടക്കൻ തിരുവിതാംകൂറിലെ ആളുകൾ തെക്കൻ തിരുവിതാംകൂറിൽ വന്നു താമസിച്ചാലോ?

MR. M. SIVATHANU PILLAI: അങ്ങനെ താമസിച്ചു അവർ തെക്കൻ തിരുവിതാംകൂറിലെ മനഃസ്ഥിതിക്കാരാകുമ്പോൾ അതിനെപ്പററി ആലോചിക്കും.

MR. K. R. NARAYANAN : തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന മെമ്പർ ഇപ്പോൾ തിരുവിതാംകൂറിലെ കാംപാസ് തിരിക്കണമെന്ന് പറയുന്നതെന്തുകൊണ്ടാണ്.

MR. M. SIVATHANU PILLAI : ഞാൻ ഒരിക്കലും അങ്ങനെ പറയുന്നില്ല. എന്റെ മകൻ മദ്രാസിൽ പോയാൽ അവിടെ ജോലികിട്ടുകയില്ല. തിരുവിതാംകൂറുകാരൻ ആണെന്നു പറയും. അങ്ങനെ പറയുന്നതുകൊണ്ട് തിരുവിതാംകൂർ തിരുവിതാംകൂർകാർക്ക് എന്നു പറഞ്ഞുപോകുന്നതാണ്. തെക്കൻ തിരുവിതാംകൂറിലെ കർഷകൻ വടക്കൻ തിരുവിതാംകൂറിലെ കർഷകനെക്കാൾ കൂടുതൽ ദുരിതമനുഭവിക്കുന്നു എന്നു കാണിക്കുവാനാണ് തെക്കും വടക്കുമായി തിരുവിതാംകൂറിനെ വേർതിരിച്ചതും.

When we Travancoreans approach the Madras Government for jobs, they tell us that Travancoreans cannot be entertained. On the other hand in Travancore we are entertaining outsiders. So is it not foolish to cry that Travancore service should be onlyfor Travancoreans? We cannot make such a restriction. If there is plenty in Madras we also have plenty. If they are in difficulties, we are also in difficulties. So we can ill-afford to separate ourselves from the rest of India.

MR. KAINIKKARA M. PADMANABHA PILLAI : Therefore, is it the member's view that there should be no re-settlement ?

MR. M. SIVATHANU PILLAI : When the Indians have their own way in the Indian Legislature and a National Central Government is formed, these things will be remedied ; there will be some salvation for the cultivators then, as there are paddy growers in Madura, Tanjore, Kumbakonam etc. Is there any end of this geographical restriction even inside Travancore. There is feeling of difference between one part and the other in Travancore. The motion itself differentiates North from the South. Does it stop here ? A serious crime taking place in Cape Comorin is not taken so seriously as an identical crime taking place somewhere in Quilon or Alleppey. An officer abuses his powers in the South Travancore, by taking bribes. It is not received by Northerners so seriously. The day before yesterday I read in the *Malayala Rajyam* or *Malayali* that a corrupt Tahsildar, has been extolled saying that he is honest and efficient and bemoans his transfer whereas he is known well to all how he is.

MR. PULIYOOR T. P. VELAYUDHAN PILLAI : May I know the name of that officer.

DEPUTY PRESIDENT : Names should not be referred to on the floor of the House.

MR. PULIYOOR T. P. VELAYUDHAN PILLAI : May I know the present Headquarters of that Tahsildar ?

MR. M. SIVATHANU PILLAI : I shall give the answer to the member later on.

DEPUTY PRESIDENT : Your time is up.

MR. M. SIVATHANU PILLAI : One minute more, Sir.

We find here that Travancore is divided into South Travancore Central Travancore and North Travancore. Why should there be such divisions ?

MR. KAINIKARA M. PADMANABHA PILLAI : Is it the members's view that after the re-settlement there will be greater concord ?

MR. M. SIVATHANU PILLAI ; The honourable member knows the answer. Equality of citizenship pre-supposes equality of obligation to the State. Anyhow, I think Mr. Padmanabha Pillai will have the same feeling as I have. It cannot be denied that there should be equality of burden of whether heavy or low. All that I want is that there should be a change of mentality, by the people in North and Central Travancore so far as South Travancore is concerned. Oneness of feeling is imperative. Is it not real, natural and legitimate for the people of South Travancore to feel that because they are Tamilians, they are treated as people not of the State. But they number about 9 lakhs. We are more numerous than Nayars or Ezhavas. We can also take battle and offer battle. But is it a correct position to divide the State into various divisions, communities and territories ? I am not particular of the re-settlement operations. The taxation in south Travancore should be lightened. Some special G. O. or other order should be issued in order to impose the same rate of taxation in the case of Nanjinad as has been done in the case of Kuttanad. Is it not fair ? Is it not equity ? Is it not justice, is it not law? I ask is it not good conscience. On all these counts, Nanjinad should win.

With these words, I have great pleasure in saying that I have been given an opportunity of speaking on this resolution moved by Mr. Kesava Pillai.

MR. P. S. MUHAMED : മി: ടി. സി. കേശവപിള്ള അവതരിപ്പിച്ച ഈ പ്രമേയത്തെ അടിസ്ഥാനപ്പെടുത്തി രണ്ടു വാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. വടക്ക് തെക്ക് മദ്ധ്യം എന്നുള്ള ഭേദം കൂടാതെ തിരുവിതാംകൂറിൽ അധിവസിക്കുന്ന ജനങ്ങളെല്ലാം തിരുവിതാംകൂർകാരാണെന്നുള്ള മനസ്ഥിതിയോടുകൂടി തിരുവിതാംകൂറുകാരുടെ പൊതുവായ ഗുണത്തിനും തിരുവിതാംകൂർ ഗവൺമെൻറിൻെറ കാര്യക്ഷമമായ നടത്തിപ്പിനും ഉതകുന്ന പദ്ധതികൾ ആലോചിക്കുക എന്നുള്ളതായിരിക്കും ഏററവും പ്രയോജനകരമായിട്ടുള്ളതു്. ഇന്നു ഇവിടെ നടന്ന പ്രസംഗങ്ങൾ കേൾക്കുന്ന ഒരാളിനു വടക്കൻതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും ഉള്ള ജനങ്ങൾക്ക് കരം മുതലായവ ഈടാക്കുന്ന കാര്യത്തിൽ കൂടുതൽ സൗജന്യങ്ങൾ ലഭിക്കുന്നുണ്ടെന്നും എന്നാൽ തെക്കൻ തിരുവിതാംകൂറിലെ സ്ഥിതി അതല്ലെന്നും തോന്നും. വടക്കായാലും തെക്കായാലും കരം കൂടുതലായി ഈടാക്കുന്ന സ്ഥലങ്ങൾ ഉണ്ടു. അതുകൊണ്ടു റീ സെററിൽമെൻറ് നടത്തുന്നതിൽ എതിർക്കേണ്ട ആവശ്യമില്ല.

മി: ശിവതാണുപിള്ള കരം ഈടാക്കുന്നതിനെ അപേക്ഷിച്ച് വടക്കൻ തിരുവിതാംകൂറിലെ നിലങ്ങളിൽനിന്നും കിട്ടുന്ന ആദായം കൂടുതലാണെന്നു പറയുകയുണ്ടായി.

MR. M. SIVATHANU PILLAI : ആദായത്തെപ്പററിയല്ല ഞാൻ പറഞ്ഞത്. അവിടെനിന്നു ഈടാക്കുന്ന കരം കുറവാണെന്നാണ്.

MR. P. S. MUHAMED : അതുകൊണ്ടുതന്നെയാണ് ആദായക്കൂടുതലുണ്ടെന്നു ഞാൻ പറയുന്നത്. കരം ഈടാക്കുന്നതിനെ അപേക്ഷിച്ചു ആദായം കൂടുതലുണ്ടെന്നാണല്ലോ അതിന്റെ അർത്ഥം. തോട്ടപ്പള്ളിക്കട്ടത്ത് എനിക്ക് മൂന്നേക്കർ സ്ഥലം ഉണ്ട്. രണ്ടാണ്ടിലൊരിക്കലാണ് കൃഷി നടത്തുന്നത്. ആണ്ടിൽ ൯൨ രൂപാ കരം കൊടുക്കണം. ഒരിക്കൽ കൃഷിചെയ്യുന്നതിന് ൩൦ രൂപാ കരം കൊടുക്കേണ്ടതായുണ്ടെന്നു ഈ കണക്കുകൊണ്ടു കാണാൻ കഴിയും.

MR. M. SIVATHANU PILLAI : കൃഷി ചെയ്തില്ലെങ്കിലും കരം കൊടുക്കണമൊ?

MR. P. S. MUHAMED : കൊടുക്കണം. അവിടെ അങ്ങനെയാണ്. തെക്കൻതിരുവിതാംകൂറിൽ കൃഷിചെയ്തില്ലെങ്കിൽ കരം കൊടുക്കേണ്ട.

MR. M. SIVATHANU PILLAI : എന്നാരു പറഞ്ഞു?

MR. P. S. MUHAMED : എന്റെ സ്നേഹിതന്റെ ചോദ്യത്തിൽനിന്നും ഞാൻ അങ്ങനെയാണ മനസ്സിലാക്കിയത്. ഏതായാലും വടക്കൻ തിരുവിതാംകൂറിൽ കൃഷിചെയ്തില്ലെങ്കിലും കരം കൊടുക്കണം. എന്നെ സംബന്ധിച്ചുള്ള അനുഭവം വച്ചുകൊണ്ടു പറയുകയാണെങ്കിൽ കയ്യിൽനിന്നാണ് കരം കൊടുക്കുന്നത്. അതുകൊണ്ടാണ് സമയത്തിനു അവർക്ക് കരം കൊടുക്കാൻ നിവൃത്തിയില്ലാതെ വരുന്നതും വസ്തുക്കൾ ലേലത്തിൽ വിററുപോകുന്നതും, ലേലത്തിൽ വിററ വസ്തുക്കൾ ഒരു തഹശീൽദാരോ പേഷ്കാരോ വന്നാലും പിടിക്കാൻ ആരും കാണുകയില്ല.

MR M. SIVATHANU PILLAI : ഈ മൂന്നേക്കർ സ്ഥലം ൩൦ രൂപാക്കു പോകുകയില്ലെന്നാണോ പറയുന്നതു ?

MR. P. S. MUHAMED : ഞാൻ മുൻപ് പറഞ്ഞ സ്ഥലം പോകുകയില്ല. ഒരുപക്ഷെ അല്പസ്വല്പ ആദായക്കൂടുതലുണ്ടായാലും ചിലപ്പോൾ അതിലേറെ നഷ്ടവുമുണ്ടാകും. അതിനെപ്പററി ഗൗനിക്കേണ്ടതില്ല. ഇങ്ങനെ ആദായം കിട്ടുന്നതും കിട്ടാത്തതും ആയ സ്ഥലങ്ങൾ വടക്കൻതിരുവിതാംകൂറിലും തെക്കൻ തിരുവിതാംകൂറിലും ഉണ്ടു. ഒരു റീസെററിൽമെൻറുകൊണ്ട് തെക്കൻതിരുവിതാംകൂറിലെ കരം എങ്ങനെ കുറയ്ക്കാൻ കഴിയുമെന്നാണ് ഞാൻ ചോദിക്കുന്നതു ?

MR. M. SIVATHANU PILLAI : സെററിൽമെൻറു പ്രാക്ളമേഷൻ വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന പരിഗണനകൾ ഒന്നുംതന്നെ ഞാൻ പറഞ്ഞ മൂന്നു താലൂക്കുകളെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ലെന്നു് മെമ്പർക്ക് അറിയാമോ?

MR. P. S. MUHAMED : : അതിനെപ്പററിയല്ല പറഞ്ഞതു്, കരത്തിന്റെ ഭാരക്കൂടുതൽ വടക്കൻതിരുവിതാംകൂറിലാണു്. അതുകൊണ്ടു സെററിൽമെൻറുകൊണ്ടു കരക്കുറവുണ്ടാകുമെന്നു ന്യായമായി ആശിക്കുന്നതു വടക്കൻതിരുവിതാംകൂറുകാരാണു്.

MR. M. SIVATHANU PILLAI അങ്ങനെ കരക്കുറവുണ്ടാകുമെന്നു ആശിക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ടു് സെററിൽമെൻറു് വടക്കൻതിരുവിതാംകൂറിൽ പാടില്ല?

MR. P. S. MUHAMED : തുടങ്ങണ്ട എന്നു ഞാൻ പറഞ്ഞില്ല. എവിടെ വേണമെങ്കിലും തുടങ്ങാം.

MR. M. SIVATHANU PILLAI : പിന്നെ എന്തുകൊണ്ടാണു് വടക്കൻതിരുവിതാംകൂറിൽ ആദ്യം തുടങ്ങണമെന്നു് പറയുന്നതിനോടു യോജിക്കാത്തതു്?

MR. P. S. MUHAMED : ആദ്യം എവിടെ തുടങ്ങണമെന്നുള്ളതിനെപ്പററി എനിക്കു് ഒരഭിപ്രായവുമില്ല: വടക്കൻതിരുവിതാംകൂറിൽ കരം വളരെ കൂടുതലാണെന്നും അതുകൊണ്ടു് റീസെററിൽമെൻറു തുടങ്ങണമെന്നും ആദ്യമായി അതു വടക്കൻതിരുവിതാംകൂറിൽ തുടങ്ങണമെന്നും ആണു് തെക്കൻതിരുവിതാംകൂറിലെ മെമ്പറന്മാർ പറയുന്നതു്. കരം കുറവു ചെയ്യുന്നതിനാണു് റീസെററിൽമെൻറിനെ വേണ്ടി അവർ വാദിക്കുന്നതെങ്കിൽ തെക്കൻതിരുവിതാംകൂറിലാണു അതു ആദ്യമായി തുടങ്ങേണ്ടതു്.

MR. M. SIVATHANU PILLAI : അങ്ങനെ പറഞ്ഞെങ്കിലേ മററു മെമ്പറന്മാരുടെ ശ്രദ്ധ ആ വിഷയത്തിൽ പതിയുകയുള്ളു എന്നു വിചാരിച്ചായിരിക്കാനും പാടില്ലേ?

MR. P. S. MUHAMED : അങ്ങനെയല്ലാതെ പറഞ്ഞാലും മെമ്പറന്മാരുടെ ശ്രദ്ധ ആ വിഷയത്തിൽ പതിഞ്ഞുകൊള്ളും.

MR. M. SIVATHANU PILLAI : സെററിൽമെൻറു് ആദ്യം വടക്കൻതിരുവിതാംകൂറിൽ തുടങ്ങിയാൽ അതിനുള്ള ആക്ഷേപം എന്താണു്?

MR. P. S. MUHAMED : സെററിൽമെൻറു് നല്ലതാണെങ്കിലും ഇപ്പോൾ തുടങ്ങുന്നതു് പ്രായോഗികമല്ലെന്നാണു് എനിക്കു തോന്നുന്നതു്. അതിനു മൂന്നുകോടി രൂപയോളം ചിലവുവരുമെന്നു് ദിവാൻപ്രസിഡൻറു് അവർ

കരം പറയുകയുണ്ടായി. ഇത്ര വമ്പിച്ച ഒരു തുക ചെലവാക്കാനുള്ള സന്ദർഭം ഇതാണോ എന്നു ഞാൻ സംശയിക്കുന്നു. ഗവണ്മെൻറു അതിനു തയാറാണെങ്കിൽ സെററിൽമെൻറ് എവിടെ തുടങ്ങുന്നതിനും എനിക്കു വിരോധമില്ല.

MR. PUTHUPALLI S. KRISHNA PILLAI: സെററിൽമെൻറ് വടക്കുനിന്നും തുടങ്ങേണം എന്നാണോ മെമ്പർ പറയുന്നതു്.

MR. P. S. MUHAMED : എന്നല്ല; എവിടെ തുടങ്ങുകയാണെങ്കിലും ഈ സന്ദർഭം അതിനു പററിയതല്ല എന്നാണ് ഞാൻ പറയുന്നതു്.

MR. PULIYOOR T. P. VELAYUDHAN PILLAI : തെക്കൻ തിരുവിതാംകൂറിലും ചെങ്കോട്ടതാലൂക്കിലും തരിശ്ശു റിവിഷൻ എന്ന പേരിൽ കരം കുറവു ചെയ്യാൻ നിയമപ്രകാരം അനുവദിക്കുന്നുണ്ടെന്നുള്ള കാര്യം മെമ്പർക്ക് അറിയാമോ?

MR. P. S. MUHAMED : ഉണ്ടായിരിക്കാം. വടക്കും തെക്കും ഒരു മത്സരമുണ്ടാകേണ്ട ഒരു കാര്യമല്ല ഇതു്. വടക്കുള്ള ആളുകൾ ആദായം എടുക്കുകയും തെക്കുള്ളവർ വടക്കുള്ളവരെക്കാൾ വളരെ കുറഞ്ഞ ആദായം ലഭിക്കുന്നവരായിരിക്കുകയും ചെയ്യുന്നുവെങ്കിൽ തെക്കുള്ളവരുടെ കരം കുറയ്ക്കേണ്ടതുതന്നെയാണു്. പക്ഷെ അതു് ഒരു റീ സെററിൽമെൻറുകൊണ്ടു സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. വസ്തുക്കളിൽനിന്നുള്ള ആദായത്തിന്മേൽ നികുതി ഈടാക്കുന്നതിനെപ്പററി ഇന്നലെ ഇവിടെ വാദപ്രതിവാദം നടക്കുകയുണ്ടായി. ആ സംഗതിയെപ്പററി തീരുമാനിക്കുവാൻ നാം ഒരു സെലക്ട് കമ്മററിയെ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

MR. M. SIVATHANU PILLAI : നിലത്തിൻെറ കരത്തെപ്പററിയല്ല, ഇങ്കംടാക്സിനെപ്പററിയാണ് ആ കമ്മററി ആലോചിക്കുന്നതെന്ന് മെമ്പർക്കറിയാമോ?

MR. P. S. MUHAMED : പേരെന്തായിരുന്നാലും ഭൂമിയിൽനിന്നും ലഭിക്കുന്ന ആദായത്തെ പരിഗണിച്ച് എന്തു നികുതി ഈടാക്കുമെന്നുള്ളതിനെപ്പററിയാണ് ആ കമ്മററി ആലോചിക്കുന്നതു്.

MR. M. SIVATHANU PILLAI : ൨൦൦൦ രൂപയിൽ കൂടുതൽ ഒരാണ്ടിൽ വരവുള്ള ഭൂമിയെപ്പററി മാത്രമല്ലെ സെലക്ട് കമ്മററിക്കാർ ആലോചിക്കുകയുള്ളു.

MR. P. S. MUHAMED : എന്തായാലും സാധുക്കളെ ഉപദ്രവിക്കരുതെന്നാണ് എനിക്കു പറയുവാനുള്ളതു്. തെക്കായാലും വടക്കായാലും കരം കുറയ്ക്കുന്നതിൽ എനിക്കു ഒരു വിരോധവുമില്ല, പക്ഷെ അതു് സാധുക്കളെ ഉപദ്രവിക്കാത്തമാതിരിയിലായിരിക്കണം.

MR. M. SIVATHANU PILLAI : മെമ്പർ മി: കുമാരൻ വൈദ്യന്റെ പ്രസംഗം കേട്ടല്ലൊ, റീ സെററിൽമെൻറ് ആദ്യമേ വടക്കൻ തിരുവിതാംകൂറിൽ തുടങ്ങുകയാണെങ്കിൽ കരം ചുമത്താവുന്ന അനവധി വൃക്ഷങ്ങൾ പണ്ടത്തെക്കാൾ കൂടുതൽ ഇപ്പോൾ അവിടെ ഉണ്ടെന്നും വടക്കൻതിരുവിതാംകൂറിൽ ഉള്ളവർ കൂടുതൽ കരം കൊടുക്കേണ്ടിവരുമെന്നും അതിനാൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു എന്നുമാണല്ലോ മി. വൈദ്യൻ പറഞ്ഞതു്. മെമ്പർ അതിനോടു് യോജിക്കുന്നുണ്ടോ?

MR. P. S. MUHAMED : ഞാൻ അതിനോടു യോജിക്കുന്നില്ല. എന്നാൽ എതിർക്കുന്നുമില്ല.

MR. K. P. KOCHUKORA THARAKAN : തെക്കൻ തിരുവിതാംകൂറിൽ ആദ്യമേ സെററിൽമെൻറ് തുടങ്ങിയാൽ തെക്കൻതിരുവിതാംകൂറിലെ നികുതിഭാരം എങ്ങനെയാണു് കുറയുന്നതു്?

MR. P. S. MUHAMED : സെററിൽമെൻറുകൊണ്ടു് നികുതിഭാരം കുറയുന്നതു് എവിടെയാണെന്നു കാണുന്നുവോ അവിടെയാണു് ആദ്യം തുടങ്ങേണ്ടതു്?

MR. M. SIVATHANU PILLAI : സെററിൽമെൻറുനിമിത്തം ഇപ്പോൾ കൊടുക്കുന്നതിനെക്കാൾ കൂടുതൽ കൊടുക്കേണ്ടിവരും എന്നുള്ള പേടി കൊണ്ടല്ലേ വടക്കൻ തിരുവിതാംകൂറിൽ സെററിൽമെൻറു തുടങ്ങേണ്ട എന്നു പറയുന്നതു്?

MR. P. S. MUHAMED: കൂടുതൽ നികുതി കൊടുക്കേണ്ടതായിട്ടുണ്ടെന്നു കാണുന്നപക്ഷം അതു കൊടുക്കുന്നതിൽ പേടിക്കാനെന്താണുള്ളതു്?

MR. M. R. NARAYANA PILLAI : റീ സെററിൽമെൻറിനായി ഒരുങ്ങുന്നതു് ഇപ്പോഴുള്ള നികുതിഭാരത്തെ കുറയ്ക്കുന്നതിനായിട്ടാണോ?

MR. P. S. MUHAMED : ഗവണ്മെൻറന്നല്ല മററു സ്ഥാപനങ്ങളൊന്നുംതന്നെ നിലവിലിരിക്കുന്ന വരവുകളെ കുറയ്ക്കുന്ന വിധത്തിലുള്ള യാതൊരു പദ്ധതികളെയും മാനദണ്ഡത്തെയും സ്വീകരിക്കുകയില്ല. മുനിസിപ്പാലിററിയുമായി എനിക്കുള്ള അനുഭവത്തെ വച്ചുകൊണ്ടു് ഞാൻ ഇതു പറയുകയാണു്.

MR. M. SIVATHANU PILLAI: മുനിസിപ്പാലിററികൾ നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുവരുന്നുവോ അതോ ഇവിടത്തെ നിലങ്ങളെപ്പോലെ ക്ഷീണിച്ചുവരുന്നോ?

MR. P. S. MUHAMED : ക്ഷീണവുമുണ്ടു് അഭിവൃദ്ധിയുമുണ്ടു്. എന്തായാലും ഇപ്പോൾ ഗവണ്മെൻറിനു ലഭിച്ചുകൊണ്ടിരിക്കുന്ന വരവിനെ കു-

യ്യുവാൻവേണ്ടി ഗവൺമെൻറു മൂന്നുകോടിരൂപ ചെലവാക്കാൻ ആലോചിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ട് റീസെററിൽമെൻറ് എന്നുവച്ചാൽ കരം കൂട്ടുക എന്നാണർത്ഥം. യുദ്ധം കഴിയുന്നതുവരെ അതു പാടില്ല എന്നാണ് എനിക്കു പറയുവാനുള്ളതു.

MR. M. SIVATHANU PILLAI : അതുകൊണ്ട് മെമ്പർ ഈ പ്രമേയത്തോടു യോജിക്കുന്നോ അതോ എതിർക്കുന്നോ?

MR. P. S. MUHAMED : ഈ സന്ദർഭം അതിനു പററിയതല്ലാത്തതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

MR. KOTTALIL P. ABRAHAM: Sir, I wish to make a few observations on the resolution before the House. It contains three main ideas. The first is that a revenue re-settlement should be made, the second being that it should be taken up immediately and the third being that settlement should be started from the northernmost taluk.

MR. M. R. NARAYANA PILLAI: May I know whether it is possible for the member to speak a little louder?

MR. KOTTALIL P. ABRAHAM: I shall try to oblige my friend. Sir, as regards the first point, I am also at one with the mover in thinking that it will be desirable to have a re-settlement as early as possible. The existing settlement was made in pursuance to a Proclamation of 1061 known as the Revenue Settlement Proclamation issued under date the 14th Kumbhom 1061. I do not know from where the settlement began in pursuance of that Proclamation. But I believe it began from South Travancore. Anyhow from what the honourable member Mr. Sivathanu Pillai said to us here I was able to gather that the settlement in the southern taluks was finished by the year 1072. As far as my knowledge goes with regard to North Travancore, the settlement ended there only by the year 1085. Therefore, the time taken for finishing the whole settlement would vary with the different places and also with the time at which the settlement was begun. Both in North Travancore and South Travancore conditions have considerably changed in some cases for the better and in other cases for the worse, and hence it would be desirable to re-settle the whole revenue areas of the State in accordance with the changed conditions. This aspect of the resolution I have to support. But if it is contended that as Mr. Sivathanu Pillai said that as soon as 30 years are over, immediately a re-settlement should take place and that it is what is contemplated in the Proclamation of 1061, then I beg to differ from him, because I find in Section 31 of the Settlement Proclamation that previous to it the practice was to have the settlement once in 12 yeass and that the system caused so much inconvenience and expense that it was thought necessary to change the period in order to make the permanency of the settlement longer. And what is it that is stated in that Section? It states thus:—

[Mr. Kottalil P. Abraham,]

"........" Our paramount aim and object in laying down these principles has been to avoid those periodical revisions of the garden assessment, once in 12 years, which, though not strictly carried out in practice, formed an essential condition of the last settlement and which a system of assessment of trees by sale necessarily entails. Such revision means the employment of a large body of Pillamars throughout the country to count the trees, to make out accounts of those entitled to remission for trees lost, and of those who have become liable to it for trees newly planted. And the employment of a large staff of such low-paid agency means petty exaction and oppression on one side and fraud and chicanery on the other. Such a process, repeated once in 12 years must have the effect of destroying the confidence of Our ryots in the permanency of the assessment, impairing industry and checking the free employment of labour and capital. To obviate these evils and to secure to Our land holders the utmost freedom of action in improving their properties and turning them to the best advantage according to their means and inclination, We have resolved to declare the new settlement permanent for a term of 30 years.............

....

....In short no interference of any kind will be permitted with the new Settlement, when it is completed for the next 30 years."

So the settlement which began with this object did not necessarily mean that as soon as 30 years lapsed it should be had over again. On the other hand that settlement only gave a fixed duration of a fixed tenure and an incentive to the people for improving their lands. On the confidence of permanency of their lands, people have improved them in certain cases and on account of the nature of the property certain lands have deteriorated and these cases do deserve proper revision at the hands of the revenue authorities. On that score I support the motion for having a re-settlement.

As regards the second point of having the settlement immediately, I have to oppose it on the short ground that as the Dewan-President has expressed in this House yesterday the process would require a very prohibitive cost of nearly 2 to 3 crores of rupees which amount, I think, under the present circumstances of the world situation we should take serious notice of, for, the corresponding advantage of a re-settlement may not be sufficiently attractive. The advantage we may derive by the re-settlement after incurring the heavy cost of such a nature may not be in any way adequate to the amount necessary or the trouble involved.

As regards the third point of beginning the settlement from the northernmost taluk, I do not know what the honourable mover means by the northernmost taluk, whether it is Devicolam or Parur. Anyhow there is no doubt that when a re-settlement is begun it must begin somewhere. It may be in North Travancore or South Travancore or even Central Travancore.

MR. M. SIVATHANU PILLAI: May I know why it could not be conducted simultaneously in all places?

MR. KOTTALIL P. ABRAHAM: That also is possible. But in that case, we will have to consider also the amount of expenditure to be incurred and the number of staff that have to be employed simultaneously. The honourable mover has told us that he feels the immediate necessity of a re-settlement because the burden of taxation in South

Travancore is too heavy. Not only that, according to him, in South Travancore there are so many troubles and confusions (കുഴപ്പങ്ങൾ) with regard to Oodukoor *patta* and other things. In that case naturally I think that our suffering brethren in the South have to be relieved first and that for that purpose the southern parts of Travancore will be the most appropriate parts for a re-settlement to begin with.

On another ground also I think the settlement has to be begun in South Travancore rather than in North Travancore, because it was in South Travancore that the last settlement was completed first, that is, as I said, in 1072 that is 12 years prior to the completion of the settlement in North Travancore namely in 1084 or 1085. So if any preference of area has to be made with regard to the beginning of the re-settlement, I think it stands to reason and common-sense to say that it should be begun not in North Travancore wherethe last settlement was completed last but in South Travancore where it was completed earlier.

MR. M. SIVATHANU PILLAI: May I know what is the objection to give a chance for the completion of the settlement in North Travancore first this time?

MR. KOTTALIL P. ABRAHAM: But while it is only natural to continue the prior order and sequence we have to assign special reasons for the changes and deviations from the ordinary course. With these observations I support the resolution so far as its general sense is concerned; but I regret that I have to oppose it with regard to its aspects of taking the re-settlement up immediately and of beginning the same from the northernmost taluk.

MR. DOMINIC JOSEPH: Honourable members hailing from South Travancore have given cogent and convincing reasons why the settlement should be commenced from the southern end. They have expatiated upon the difficulties that they were labouring under as a result of the last settlement and have pleaded before this House with considerable force that these difficulties should be redressed at the earliest possible moment. Therefore, I think that those reasons have to be given their due weight and redress should be commenced by settlement starting from the southern end.

The resolution before the House involves various questions of an important character. First, there is the financial aspect. It was pointed out that one year's State revenue will be required to meet the expenditure of the settlement. Whether it is practical to invest such a heavy amount at this juncture is a matter for consideration. I must say at the very outset that I am in general agreement with the resolution; firstly because if there are places in Travancore which are over-taxed whether in South Travancore or North Travancore, redress should be given by a fresh settlement. Secondly the anamalous situation existing in the present system of taxation should be put an end to once and for all. It has to be decided whether the holders of lands within Edavagais paying rent to the Chiefs should be deemed to be equivalent to holders of lands paying tax to Government. If not, this anomaly should be put an end to by a fresh settlement. For these reasons, I generally support the resolution before the House, but not the direction that the settlement should be started from the northern end.

MR. N. NARAYANA KURUP: സർ, തെക്കൻ തിരുവിതാംകൂറിലെ സഹോദരസാമാജികന്മാരുടെ ചോദ്യശരങ്ങളെ പ്രതീക്ഷിച്ചുകൊണ്ടു ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

MR. M. SIVATHANU PILLAI: Sir, on a point of order. The honourable member was all along speaking in English. There is a former ruling that a member who is accustomed to speak in a particular language should always speak in that language.

MR. N. NARAYANA KURUP: Sir, I have been permitted to speak in Malayalam by the Chair on a former occasion.

DEPUTY PRESIDENT: That is not a general permission.

MR. N. NARAYANA KURUP: Then I ask your permission, Sir, to speak in Malayalam.

DEPUTY PRESIDENT: Yes, you can speak in Malayalam.

MR. M. SIVATHANU PILLAI: Sir, the permission to speak in Malayalam was given as a special case for a special occasion.

MR. T. C. KESAVA PILLAI: Sir, on a point of order. A member who knows Malayalam seeks the permission of the Chair to speak in Malayalam. Immediately a Tamil knowing member rises up and says that it cannot be allowed. Is it in order, Sir?

DEPUTY PRESIDENT: There is no point of order in it.

MR. PULIYOOR T. P. VELAYUDHAN PILLAI Sir, I rise to a point of order. The honourable member Mr. Kurup, sought the permission from the Chair to speak in Malayalam. He was granted permission. Then, is it in order to question the decision of the Chair?

MR. M. SIVATHANU PILLAI: It was far from my mind. I only wanted to draw the attention of the Chair that permission was given only for the last occasion.

DEPUTY PRESIDENT: Honourable member Mr. Sivathanu Pillai is perfectly in order in raising that point of order. I have given permission to Mr. Kurup to speak in Malayalam.

MR. N. NARAYANA KURUP: രണ്ടു കാരണങ്ങൾ കൊണ്ടാണ് ഞാൻ പ്രമേയത്തെ എതിർക്കുന്നതു്.

ഈ പ്രമേയത്തിലെ വാചകം വായിച്ചു നോക്കിയതിൽ അതിനു ഉദ്ദേശശുദ്ധിയുണ്ടെന്നു തോന്നുന്നില്ല. തെക്കൻ തിരുവിതാംകൂറിലെ നികുതി വളരെ കൂടുതലാണെന്നു മുറവിളി കൂട്ടുകയും അതുകൊണ്ടു റീസെറ്റിൽമെൻറു തുടങ്ങണമെന്നു ആവശ്യപ്പെടുകയും, എന്നാൽ നികുതി കുറവുള്ളതു് വടക്കൻ തിരുവിതാംകൂറിലാണെന്ന മിഥ്യയിൽ അതു് ആദ്യമായി തുടങ്ങേണ്ടതു് വടക്കൻ തിരുവിതാംകൂറിലാണെന്നു അഭിപ്രായപ്പെടുകയും ചെയ്തു കാണുന്നതിൽനിന്നു തങ്ങളുടെ സ്ഥലത്തു് ആദ്യം റീസെറ്റിൽമെൻറു തുടങ്ങി നികുതി കുറക്കണമെന്നുള്ളതല്ല പ്രമേയകർത്താവിൻെറ ഉദ്ദേശമെന്നും, നികുതി കുറവുള്ളവർക്കു് നികുതി കൂട്ടി അവർക്കു ഉപദ്രവവും നഷ്ടവും വരുത്തേണ്ടതാണാവശ്യമെന്നും ധ്വനിക്കുന്നുണ്ടു്. അതിനാൽ ഉദ്ദേശശുദ്ധിയില്ലെന്നു ആർക്കും അനുമാനിക്കാൻ കഴിയും

അതാണെൻെറ എതിർപ്പിൻെറ ആദ്യകാരണം. രണ്ടാമതു് ദിവാൻ പ്രസിഡൻറ് അവർകളുടെ ഇന്നത്തെ പ്രസംഗത്തിൽ ഒരു റീ സെററിൽമെൻറ് നടത്തുന്നപക്ഷം അതിനു് ഉദ്ദേശം മൂന്നുകോടി രൂപ ചെലവു വരുമെന്നു സൂചിപ്പിക്കുകയുണ്ടായി. ഇന്നത്തെ യുദ്ധകാലപരിതസ്ഥിതി നിമിത്തം ജനങ്ങൾക്കു് ഒരു നേരത്തെ ആഹാരം ലഭിക്കുന്നതിനുപോലും നിവർത്തിയില്ലാതെ വലയുന്ന ഈ ഘട്ടത്തിൽ അത്തരം ദുരിതാനുഭവങ്ങളെ ഏതെല്ലാം പ്രകാരത്തിലാണു് നീക്കം ചെയ്യേണ്ടതെന്നുള്ളതിനെപ്പററി തിരുവിതാംകൂർ ഗവർമെൻറ് മനസ്സുചുട്ടു് ആലോചിച്ചുകൊണ്ടിരിക്കുകയും അതിനുള്ള വഴികാണാതെ വിഷമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ ചെലവിനു തക്കവണ്ണം ആദായം പ്രതീക്ഷിക്കാൻ തരമില്ലാത്ത ഈ കാര്യത്തിനു് പണം ചിലവാക്കുന്നതു ബുദ്ധിപൂർവ്വകമല്ലെന്നുള്ളതാണു്. തെക്കൻ തിരുവിതാംകൂറിലെ വസ്തു ഉടമസ്ഥന്മാരിൽ കൂടുതൽ നികുതിഭാരം ചുമത്തപ്പെട്ടിരിക്കുന്നു. ചില പ്രത്യേക ചുററുപാടുകൾകൊണ്ടു് അവർ കൂടുതൽ നികുതി കൊടുക്കേണ്ടതായി വന്നിരിക്കാം. ഏതെങ്കിലും തരത്തിൽ അവരുടെ നികുതി ഭാരം കുറക്കേണ്ടതാണു്, എന്നു് ഗവണ്മെൻറിനു ബോദ്ധ്യം ഉണ്ടെങ്കിൽ ഒരു റീസെററിൽമെൻറുകൊണ്ടോ, മററുപ്രകാരത്തിലൊ അവരുടെ നികുതിഭാരത്തെ കുറക്കേണ്ടതാണു്. എന്നാൽ അവക്കു നികുതിഭാരം കൂടുതലാണെന്നു വിശ്വസിക്കാൻ ഞാൻ തയ്യാറില്ല. എൻെറ ബഹുമാന്യസ്നേഹിതൻ മി. ശിവതാണുപിള്ള പറഞ്ഞതു് തെക്കൻതിരുവിതാംകൂറിലെ നിലങ്ങളിൽനിന്നും കിട്ടുന്ന ആദായം വളരെ കുറവാണെന്നാണു്. അവിടത്തെ രണ്ടു മൂന്നു സ്നേഹിതന്മാരോടു്, അവിടെനിന്നും ലഭിക്കുന്ന ആദായത്തെപ്പററി ഞാനും ചോദിക്കുകയുണ്ടായി. തെക്കൻതിരുവിതാംകൂറിലെ ഒരേക്കർ നിലത്തിൽ രണ്ടു വിളവിനു് ൧൩ കോട്ട നെല്ലു് കിട്ടും എന്നു എന്നോടു പറഞ്ഞു. ൧൩ കോട്ട എന്നുള്ളതു് കുറച്ചു് അതിശയോക്തിയായി കണക്കാക്കിയിരിക്കുകയാണെന്നു സമ്മതിച്ചാൽത്തന്നെയും ൧൦ കോട്ട നെല്ലു് അവിടെനിന്നും ലഭിക്കുമെന്നു വിചാരിക്കാം. ഇതിൽ നാലുകോട്ട വെള്ളക്കരത്തിനും, ൩ കോട്ട വിത്തിനും കൂലിക്കുമായും ചെലവാക്കേണ്ടിവരും.

MR. PUTHUPALLI S. KRISHNA PILLAI : വിത്തിനും കൂലിക്കുമായി ചെലവു വരുന്നതു് ഒന്നിനു് പകുതി എന്നല്ലേ ചട്ടം?

MR. N. NARAYANA KURUP : എൻെറ സ്നേഹിതൻ പറഞ്ഞതാണു് ഞാൻ പറയുന്നതു; ചട്ടമല്ലാ. എൻെറ വാദത്തിനു് ഒരു തെളിവായി ഞാൻ അതു പറയുന്നതെയുള്ളു, വെള്ളക്കരം നീക്കി പതിനെട്ടുകോട്ട നെല്ലുള്ളതിൽ കൃഷിച്ചെലവിനുവേണ്ടി വരുന്ന കോട്ട നെല്ലും തള്ളിയാൽ

[Mr. N. Narayana Kurup.]

ബാക്കി ൧൫ കോട്ട നെല്ല് ശരാശരി വിളവുണ്ടെന്ന് കാണാൻ കഴിയും. അതായത് ഒരേക്കർ നിലത്തിൽ നിന്നും സ്റ്റാൻഡാർഡിന് ൧൦൫ പറ നെല്ല് കിട്ടും. ഇനി, വടക്കൻതിരുവിതാംകൂറിലെ സ്ഥിതി എന്താണ്? കുട്ടനാടൻ പ്രദേശത്തെപ്പററിയൊ, അല്ലെങ്കിൽ അവിടത്തെ കൃഷിയെപ്പററിയൊ യാതൊരു വിവരവും ഇല്ലെന്നു എന്റെ സ്നേഹിതൻ സമ്മതിച്ചു കഴിഞ്ഞു.

DEPUTY PRESIDENT: The debate now is taking a course which is perhaps quite unnecessary here. The question as to whether the interest of this House should prevail over the North or the South is not in issue here. The House has to consider now only that question whether re-settlement should be started or not. That may be adverted to by the speaker.

MR. N. NARAYANA KURUP: മദ്ധ്യതിരുവിതാംകൂറിലെയും തെക്കൻ തിരുവിതാംകൂറിലെയും വിളവുകളുടെ ഒരു താരതമ്യം ഇവിടെ കാണിച്ചു എന്നല്ലാതെ ഞാൻ ഒരു വാദപ്രതിവാദം നടത്തുകയല്ലായിരുന്നു.

കുട്ടനാടൻ പ്രദേശങ്ങളിലെ ഒരേക്കർ നിലത്തിൽ നിന്നും കിട്ടുന്ന കൂടുതൽ വിളവ് ൭൦ അല്ലെങ്കിൽ ൭൫ പറ നെല്ലാണ്. വിളവു് ഇറക്കുന്നതിന് കുറഞ്ഞപക്ഷം ൪൦ പറ നെല്ല് വേണം. ബാക്കി ൩൦ പറ നെല്ലാണ് അവിടെനിന്നും കിട്ടുന്ന ആദായം. കുട്ടനാട്ടിലെ പറ, ഒരു വിശേഷപ്പെട്ട പറയാണ്, കല്ലൂർക്കാടൻ എന്നു പറയും. ൧൦൦ പറനെല്ലു ആ പറയ്ക്കു അളന്നാൽ സ്റ്റാൻഡാർഡിനു ൮൦ പറയെ കാണുകയുള്ളു. ആ കണക്കനുസരിച്ച് ൩൦ പറ എന്നു പറയുന്നതു് സ്റ്റാൻഡാർഡിന് ൨൪ പറനെല്ല് എന്നു കണക്കാക്കേണ്ടതാണ്. കരത്തിനു നാലു പറനെല്ലെങ്കിലും വേണ്ടിവരും. അങ്ങനെ തെക്കൻതിരുവിതാംകൂറിൽ സകല ചെലവും കഴിച്ചു ഒരേക്കർ നിലത്തിൽനിന്നും ൧൦൫ പറ നെല്ല് സ്റ്റാൻഡാർഡിനു കിട്ടുമ്പോൾ മദ്ധ്യതിരുവിതാംകൂറിൽ ഒരേക്കർ നിലത്തിൽ നിന്നും ൨൦ പറ നെല്ലാണു കിട്ടുന്നതു്. വടക്കൻതിരുവിതാംകൂറിലെ കരത്തിന്റെ മാനദണ്ഡവും തെക്കൻതിരുവിതാംകൂറിലെ കരത്തിന്റെ മാനദണ്ഡവും തമ്മിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ അതിൽ അതിശയിക്കാനില്ലെന്നാണ് എന്റെ അഭിപ്രായം. എന്നാൽ താരതമ്യേന അവരുടെ കൃഷിയുടെ ആദായത്തെ പരിഗണിച്ചും, അതിലേക്കു വേണ്ടിവരുന്ന ചെലവിനെ പരിഗണിച്ചും അവിടെ ചുമത്തപ്പെട്ടിരിക്കുന്ന കരം കൂടുതലാണെന്നു അന്വേഷണത്തിൽ ഗവൺമെൻറിനു ബോദ്ധ്യപ്പെടുന്നുണ്ടെങ്കിൽ ഉടൻതന്നെ ഒരു റീസെററിൽമെൻറു നടത്തി അവരുടെ നികുതിഭാരത്തെ കുറയ്ക്കേണ്ടതാണെന്നാണ് എന്റെയും അഭിപ്രായം.

൨൫൦ പറ നെല്ലു് ആദായം കിട്ടുന്ന നിലത്തിനു് ൪൪൧ പറ നെല്ലു കരം കൊടുക്കുന്ന സ്ഥലവും വടക്കൻതിരുവിതാംകൂറിലുണ്ടു്. അതു കൊണ്ടു അവിടെയും കഴിയുന്നതും വേഗത്തിൽ റീസെററിൽമെൻറു് നട ത്തേണ്ടതാണെന്നു എനിക്കും അഭിപ്രായം ഇല്ലാതില്ല. ഏതായാലും ഇന്നത്തെ പരിതസ്ഥിതി ഒരു റീസെററിൽമെൻറു നടത്തുന്നതിനു യാതൊരു വിധത്തിലും അനുകൂലമല്ല. അതിനാൽ ഞാൻ ഈ പ്രമേ യത്തെ എതിർക്കുന്നു.

MR. K. R. NARAYANAN: പുതിയ ഒരു സെററിൽമെൻറും സർവെയും വേണമെന്നു ശുപാർശചെയ്തുകൊണ്ടു് എൻെറ സ്നേഹിതൻ മി. ടി. സി. കേശവപിള്ള അവതരിപ്പിക്കുകയും ആവേശജനകമായ വിധത്തിലും തിരുവിതാംകൂർ ഭൂമിശാസ്ത്രത്തിനു വ്യതിയാനം വരത്തക്കനിലയിലും എൻെറ സ്നേഹിതൻ മി. ശിവതാണുപിള്ള പിൻതാങ്ങുകയും ചെയ്തിരി ക്കുന്ന ഈ പ്രമേയത്തെപ്പററി അർഹിക്കുന്ന ഗൗരവത്തോടും ശ്രദ്ധയോടും കൂടി ഞാൻ ആലോചിച്ചുനോക്കി. ഈ പ്രമേയത്തെ എതിർക്കേണ്ടി വന്നതിൽ എനിക്കു് ആത്മാർത്ഥമായ വ്യസനമുണ്ടു്. അവർ പറഞ്ഞു കൊണ്ടുവരുന്ന വാദമുഖത്തിൻെറ ഒന്നാമത്തെ ന്യൂനത, തെക്കൻതിരുവി താംകൂറിൽ കരം കുറഞ്ഞു കിട്ടുന്നതിലേക്കു് വടക്കൻതിരുവിതാംകൂറിൽ ആദ്യമായി സെററിൽമെൻറു് തുടങ്ങണമെന്നു പറയുന്നതിൻെറ യുക്തി എന്താണെന്നു മനസ്സിലാക്കാൻ കഴിയാത്തതാണു്.

MR. M. SIVATHANU PILLAI: ഞാൻ പറഞ്ഞതു് അങ്ങിനെയല്ല. തെക്കൻ തിരുവിതാംകൂറിൽ കരം വളരെ കൂടുതലാണു്, എന്നാൽ കരം ഒട്ടുംതന്നെ ഈടാക്കാത്തതും വേണ്ടിടത്തോളം ഈടാക്കാത്തതുമായ ഒട്ടനവധി സ്ഥലങ്ങൾ വടക്കൻ തിരുവിതാംകൂറിൽ ഉണ്ടു്. അതുകൊണ്ടു് വടക്കൻതിരുവിതാംകൂറിൽ ആദ്യം സെററിൽമെൻറു തുടങ്ങുന്നപക്ഷം തെക്കൻതിരുവിതാംകൂറിലുള്ള കരക്കുറവിൻെറ നഷ്ടപരിഹാരം വരുത്താ വുന്നതാണു് എന്നാണു് ഞാൻ പറഞ്ഞതു്.

MR. K. R. NARAYANAN: ഞാൻ പറഞ്ഞതും ഇതും തമ്മിൽ വളരെ വ്യത്യാസമൊന്നുമില്ല. സ്വാമി രാമതീർത്ഥൻെറ ഒരു വാചക മാണു് എനിക്കു് ഈ അവസരത്തിൽ ഓർമ്മ വരുന്നതു്. സൂചി കള ഞ്ഞുപോയതിനു് ഒരാൾ റോഡിലിരുന്നു സൂചി തപ്പുന്നു. സൂചി എവിടെ യാണു് കളഞ്ഞുപോയതെന്നു ചോദിച്ചപ്പോൾ വീട്ടിൽ വച്ചാണെന്നു പറഞ്ഞു. "പിന്നെ അതു് റോഡിൽ തപ്പിയാൽ കിട്ടുമോ" എന്നു ചോദിച്ചപ്പോൾ "വീട്ടിൽ ദീപമില്ലായിരുന്നു. ദീപമുള്ളതു റോഡി ലാണു്. അതുകൊണ്ടു് ദീപമുള്ളിടത്തു സൂചി തപ്പുകയാണു്." എന്നു

[Mr. K. R. Narayanan.]

പറഞ്ഞു. അതുപോലെയാണ് തെക്കൻതിരുവിതാംകൂറിലെ നികുതിഭാരം കുറക്കുന്നതിനുവേണ്ടി വടക്കൻതിരുവിതാംകൂറിൽ സെററിൽമെൻറു തുടങ്ങണമെന്നു പറയുന്നതു്.

മി: ശിവതാണുപിള്ള ആഗ്രഹിക്കുന്നതുപോലെ വടക്കൻതിരുവിതാംകൂറിൽ ഇപ്പോൾ കരം ഇല്ലാത്തിടത്തു കരം വച്ചാൽ അതുകൊണ്ടു് തെക്കൻ തിരുവിതാംകൂറുകാർക്കു് എന്താണ് ഗുണം കിട്ടുവാനുള്ളതു്. ആങ്ങള ചത്താലും വേണ്ടുകില്ല, നാത്തൂൻെറ ദുഃഖം കണ്ടാൽ മതിയെന്നുള്ള ഒരു മനോഭാവപ്രകടനമാണ് ഇങ്ങനെ പറയുന്നതിലുള്ളതെന്നുള്ളതിനു് സംശയമില്ല. കന്യാകുമാരിമുതൽ ഹിമാലയംവരെ സമഭാവനയോടുകൂടി വർത്തിക്കണമെന്നു പറയുന്ന ദേശീയ പ്രമാണികളിൽ അഗ്രഗണ്യനായ മി. ശിവതാണുപിള്ളക്കു കന്യാകുമാരി മുതൽ പറവൂർവരെ അതേ ദേശീയമനോഭാവത്തോടുകൂടി വീക്ഷിക്കുവാൻ സാധിക്കുകയില്ലെന്നാണോ ഇതിൻെറ അർത്ഥം?

MR. M. SIVATHANU PILLAI: എല്ലാസ്ഥലത്തും നികുതിഭാരം ഒരുപോലെയായിരിക്കണമെന്നു പറയുന്നതു ഈ ദേശീയമനോഭാവം കൊണ്ടല്ലേ?

MR. K. R. NARAYANAN: എല്ലാ വീക്ഷണകോണത്തിൽകൂടി നോക്കിക്കൊണ്ടും ആത്മാർത്ഥതയോടുകൂടിയും എനിക്കു പറയുവാനുള്ളതു്, തെക്കൻതിരുവിതാംകൂറിലെ നികുതിഭാരം കുറക്കുന്നതിനുവേണ്ടി അവിടെ ആദ്യമായി സെററിൽമെൻറു തുടങ്ങണമെന്നാണ്. വടക്കൻ തിരുവിതാംകൂറിൽനിന്നും ആദായം കൂടുതൽ കിട്ടുന്നതുകൊണ്ടു് തെക്കൻതിരുവിതാംകൂറുകാർക്കു് എന്തു രക്ഷക്കുറവാണുള്ളതു്?

MR. M. SIVATHANU PILLAI: നികുതി ഇല്ലാത്ത സ്ഥലത്തുനിന്നും ആദ്യം നികുതി ഈടാക്കണമെന്നും അതിനുശേഷം നികുതികൂടുതൽ ഉള്ള സ്ഥലത്തെ നികുതി കുറക്കണമെന്നും പറയുന്നതിലുള്ള യുക്തി ഭംഗം എന്താണ്?

MR. K. R. NARAYANAN: അപ്പോൾ മററുള്ളവർ സുഖിക്കുന്നതിലാണ് നിങ്ങൾക്കുള്ള സങ്കടത്തേക്കാൾ അസ്വസ്ഥതയുള്ളതു്. അതിൻെറ പേർ പക എന്നാണ്.

൧൦൧൨-ൽ ആണ് ആദ്യമായി സെററിൽമെൻറു തുടങ്ങിയതു്. രണ്ടാമത്തെ സെററിൽമെൻറു് ൧൦൫൨-ൽ നടത്തി. ൩൰ കൊല്ലം കഴിഞ്ഞതിനു ശേഷമാണ് പിന്നെ ഒരു സെററിൽമെൻറു നടത്തേണ്ട കാര്യത്തെപ്പററി ആലോചനയുണ്ടായതു്. ൧൦൮൨-ൽ ആണ് ആ സെററിൽമെൻറു് അവസാനിച്ചതു്. അതു കഴിഞ്ഞു് മുപ്പതു കൊല്ലം പോലും തികയുന്നതിനു മുൻപു് ഒരു സെററിൽമെൻറു് നടത്തണമെന്നു പറയുന്നതു ശരിയല്ല.

MR. M. SIVATHANU PILLAI : ൨൫-ൽ അല്ലേ സെററിൽമെൻറു അവസാനിച്ചത്?

MR. K. R. NARAYANAN : ൧൮-ൽ ആണെന്നാണ് എൻെറ അറിവ്. ഇപ്പോഴത്തെ സാഹചര്യം തന്നെ സെററിൽമെൻറിന് അനുകൂലമല്ല. മൂന്നുകോടി രൂപ ചെലവു വരും. തിരുവിതാംകൂർ ഗവണ്മെൻറിനു എങ്ങിനെയെങ്കിലും ഈ തുകയുണ്ടാക്കാൻ കഴിയുമായിരിക്കാം. എന്നാൽ ഇതിനെക്കാൾ പ്രാധാന്യവും ഗൗരവവും ഉള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ ഗവണ്മെൻറു പണമില്ലാതെ വിഷമിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണ് ഇപ്പോൾ.

MR. M. SIVATHANU PILLAI : അപ്പോൾ കൂടുതൽ കരം കൊടുത്തു കൊണ്ടിരിക്കുന്നവർ എന്നും അങ്ങിനെ കൊടുത്തു കൊള്ളണമെന്നാണോ പറയുന്നത്?

MR. K. R. NARAYANAN : നികുതിഭാരത്തെ ലഘൂകരിക്കപ്പെടുത്തുക എന്നുള്ളതാണ് ഉദ്ദേശമെങ്കിൽ അതിനു സെററിൽമെൻറുതന്നെ വേണമെന്നില്ല അതിനു വേറെ വഴിയുണ്ട്.

MR. THAMARAPALLIL KOCHUTHOMMEN : വടക്കൻതിരുവിതാംകൂറിൽ കരം കൂട്ടിക്കൊടുക്കുന്നതുകൊണ്ട് തെക്കൻതിരുവിതാംകൂറുകാർക്ക് എന്തു ഗുണമാണുള്ളത്?

MR. K. R. NARAYANAN : തെക്കൻതിരുവിതാംകൂറിലുള്ളവർ കരം കൂടുതൽ കൊടുക്കുന്നുണ്ടെങ്കിൽ അതു് ആരുടെയും പക്ഷപാതംകൊണ്ടു ഉണ്ടായതല്ല. അവിടെ മണ്ണിനു ഗുണം കൂടും. വടക്കൻതിരുവിതാംകൂറിലെ മണ്ണ് എത്ര നല്ലതാണെന്നറിയണമെങ്കിൽ, വേനൽക്കാലത്തു് അവിടെ ഒന്നു വന്നാൽമതി. വലിയ സഹാറാ പോലെയുള്ള മരുഭൂമികൾ വളരെ അധ്വാനം ചെയ്തു, ഇല്ലാത്ത വെള്ളം ഉണ്ടാക്കി നനച്ച് വളരെ പ്രയാസപ്പെട്ടു വിളവെടുക്കുന്നു. നല്ല ഭൂമിക്കു നല്ല വിളവ്; മോശമായ ഭൂമിക്കു മോശമായ വിളവ്, വിളവിനെ ആശ്രയിച്ചു കരം, ഇങ്ങനെയാണ് സംഗതികൾ പോകുന്നത്. തെക്കൻതിരുവിതാംകൂറിലും കരമൊഴിവു ഭൂമികളുണ്ട്. അവിടേയും കരം വയ്ക്കുന്നതിനുകൂടിയാണ് ഈ പ്രമേയം അവതരിപ്പിച്ചതെന്നു പറയുകയുണ്ടായി. കരം ഒഴിവായ സ്ഥലങ്ങളിൽ കരം ഏർപ്പെടുത്തുക എന്നു പറയുന്നതു് ഒരു കീറാമുട്ടിയാണ്. ചരിത്രപരമായ ചില കാരണങ്ങളാലാണ് കരം ഒഴിവു വസ്തുക്കൾ അവർക്കു ലഭിച്ചിട്ടുള്ളതു്. ഒരു സുപ്രഭാതത്തിൽ അത്തരം വസ്തുക്കൾക്കു കരം തരണമെന്നു പറയത്തക്കവണ്ണം അത്ര നേരിയ ഒരു നിലയിലല്ലാ തിരുവിതാംകൂർ ഗവണ്മെൻറിൻെറ മര്യാദകെട്ടിത്തൂക്കിയിരിക്കുന്നതു്. അപരിത്യാജ്യങ്ങളായ ചില കാരണങ്ങളാൽ, തിരുവിതാംകൂറിനു പ്രയോ

[Mr. K. R. Narayanan.[

ജന്മമുണ്ടായിരുന്ന ചില കാരണങ്ങളാൽ വസ്തുക്കൾ കരമൊഴിവായി കൊടുത്തിട്ടുള്ളതിനെ ഒരു റീസെറ്റിൽമെൻറുകൊണ്ടോ, അല്ലെങ്കിൽ, മറ്റേതെങ്കിലും തരത്തിലോ നീക്കം ചെയ്യാവുന്നതല്ല. കടലാസിൽ ഒപ്പുവച്ചിരിക്കുന്നതിനെ സംബന്ധിച്ച് ഇപ്പോൾ ജർമ്മൻകാർ പറയുന്നതുപോലെ പറയാൻ തിരുവിതാംകൂർ ഗവണ്മെൻറിനു സാധിക്കുകയില്ല. വടക്കുമാത്രമല്ലാ, കരമൊഴിവു വസ്തുക്കൾ ഉള്ളത്; തെക്കുമുണ്ട്.

സെറ്റിൽമെൻറു നടത്തണമെന്നും നടത്തേണ്ടായെന്നും രണ്ടു വിധത്തിൽ അഭിപ്രായപ്പെടുന്ന ആളുകൾ ഇന്ന് ലോകത്തുണ്ട്. തിരുവിതാംകൂറിൽ സെറ്റിൽമെൻറു വേണമെന്നു പറയുന്നു. ബങ്കാളിൽ അതു വേണ്ടെന്നാണു പറയുന്നതു.

MR. M. SIVATHANU PILLAI : പെർമനൻറ് സെറ്റിൽമെൻറിനെതിരായി മറ്റൊരു സെറ്റിൽമെൻറു നടത്തണമെന്ന് ഇപ്പോൾ ബങ്കാളിൽ ഒരു വാദം തുടങ്ങിയിട്ടുള്ളതായി മെമ്പർക്കറിയാമോ?

MR. K. R. NARAYANAN : ഉണ്ടായിരിക്കാം.

MR. M. SIVATHANU PILLAI: പെർമനൻറ് സെറ്റിൽമെൻറ് നടത്തിയിരിക്കുന്ന ബങ്കാളിൽ കരമൊഴിവു വസ്തുക്കളില്ലെന്നറിയാമോ?

MR. K. R. NARAYANAN : ആ ചോദ്യവും എൻെറ പ്രസംഗവും തമ്മിലുള്ള ബന്ധമെന്താണെന്നു മനസ്സിലായില്ല.

MR. M. SIVATHANU PILLAI : സെറ്റിൽമെൻറ് വീണ്ടും തുടങ്ങണമെന്നാവശ്യപ്പെടുന്നതു കരമൊഴിവു വസ്തുക്കൾ ധാരാളമുള്ളതുകൊണ്ടാണെന്നുകൂടി മെമ്പർ ധരിക്കുമോ?

MR. K R. NARAYANAN: കരമൊഴിവു വസ്തുക്കൾക്കു സെറ്റിൽമെൻറുകൊണ്ടു കരം ചുമത്താൻ പാടില്ലെന്നു പറഞ്ഞുകഴിഞ്ഞു. ബങ്കാളിലെ കാര്യം ഞാൻ പറഞ്ഞത് ഇപ്പോൾ സെറ്റിൽമെൻറ് ആവശ്യമില്ലെന്നു കാണിക്കാനാണ്. ഇന്നത്തെ പരിതസ്ഥിതി സെറ്റിൽമെൻറിനു അനുകൂലമെയല്ലാ. സെറ്റിൽമെൻറു വന്നാൽ ഗവണ്മെൻറിനു മാത്രമല്ല, ജനങ്ങൾക്കും ചെലവുണ്ടാകുമെന്നുള്ള സംഗതി ഇവിടെ പരസ്യമായി പറയാൻ പാടില്ലെങ്കിലും ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. സെറ്റിൽമെൻറുദ്യോഗസ്ഥന്മാരും പാവപ്പെട്ട ആളുകളുംകൂടി ചിലപ്പോൾ കൂടിക്കാഴ്ച നടത്തേണ്ടതായിവരും. മൂന്നാഴിഅരിയും രണ്ടു ചക്രത്തിനു പിണ്ണാക്കും വാങ്ങിക്കാൻ വിഷമമുള്ള ഇക്കാലത്തു ഒന്നാന്തരം തെങ്ങ് മൂന്നാന്തരമാക്കിത്തീർക്കാൻ ഒട്ടും പ്രയാസമില്ല. അതുകൊണ്ടു നമ്മുടെ സാമ്പത്തികനില മൊത്തമായി നന്നാകുന്നതുവരെ സെറ്റിൽമെൻറു ഒന്നു മാറ്റിവയ്ക്കണമെന്നും സാമ്പത്തികനില നന്നാകുമ്പോൾ അതു തെക്കുനിന്നും തുടങ്ങണമെന്നും ആണ് എൻെറ അഭിപ്രായം.

MR. M. R. NARAYANA PILLAI: തെക്കുനിന്നോ, വടക്കുനിന്നോ തുടങ്ങാതെ ചെങ്കോട്ടുനിന്നും പടിഞ്ഞാട്ടു തുടങ്ങിയാലൊ?

MR. K. R. NARAYANAN: വടക്കൻ തിരുവിതാംകൂറിലാണു് കഴിഞ്ഞ തവണ സെററിൽമെൻറു ആദ്യമായി തുടങ്ങിയതു്. ഇത്തവണ തെക്കുനിന്നു് തുടങ്ങട്ടെ. അപ്പോൾ തെക്കൻതിരുവിതാംകൂർകാർക്കു ഡബ്ബിൾ ഗെയിം ലഭിക്കും.

MR. N. RAMAKRISHNA PILLAI: രണ്ടിടത്തുനിന്നും ആദ്യം തുടങ്ങിയാലൊ?

MR. K. R. NARAYANAN: വിരോധമില്ല. പക്ഷെ ഇപ്പോഴത്തെ പരിതസ്ഥിതിക്കു ഒരിടത്തുനിന്നേ തുടങ്ങാനും നിവർത്തിയില്ല. എപ്പോഴെങ്കിലും തുടങ്ങുന്നപക്ഷം അതു് തെക്കുനിന്നും ആയിരിക്കണമെന്നു് തെക്കൻതിരുവിതാംകൂർകാരോടുള്ള സ്നേഹക്കൂടുതൽകൊണ്ടു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

